നാട്ടിൻപുറത്തെ ഒരോണാഘോഷവേദി. ചലച്ചിത്ര ഗാന മത്സരത്തിൽ പങ്കെടുക്കാൻ "സംഗമം.. സംഗമം.. ത്രിവേണീ സംഗമം..." എന്ന പാട്ടുപാടി തയ്യാറെടുത്തിരുന്ന ബാലൻ വേദിക്കരികിൽ തന്നെ ഉണ്ടായിരുന്നെങ്കിലും പേര് വിളിക്കാൻ നേരമായപ്പോഴേക്കും അവൻ ആരും കാണാതെ സ്ഥലം വിട്ടു. മൈക്കിൽ പേര് അനൗൺസ് ചെയ്യുമ്പോൾ അവൻ വീട്ടിലെ ഒരു മുറിയുടെ മൂലയിൽ പതുങ്ങിയിരുന്നു. തന്റെ പേര് മൈക്കിൽ ഒഴുകി വരുന്നതും കേട്ടുകൊണ്ട്. അവന്റെ ഹൃദയമിടിപ്പുകൾ പെരുമ്പറ പോലെ മുഴങ്ങുന്നുണ്ടായിരുന്നു.
വേദിയിൽ കയറാൻ ഏറെ പേടിയോടെ നടന്ന ആ ബാലൻ ഇന്ന് പാട്ടും ഡാൻസുമായി അരങ്ങു തകർത്താടുന്നു.
ആ ബാലനാണ് നമ്മുടെ ഇന്നത്തെ ദളം.

റോബിൻസ് എ ടി,
പഞ്ചാബ് നാഷണൽ ബാങ്ക്,
സർക്കിൾ ഓഫീസ്,
തിരുവനന്തപുരം.

കോട്ടയം പുതുവേലി സ്വദേശികളും കർഷകരുമായ തങ്കപ്പൻ, മോളി ദമ്പതികളുടെ മൂന്ന് മക്കളിൽ മൂത്തമകനാണ് റോബിൻസ്. സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ മാനേജർ പ്രവീൺ എ ടി സഹോദരൻ, ഡി സി ബി ജീവനക്കാരി പ്രീതിമോൾ സഹോദരി.

പുതുവേലി ഗവണ്മെന്റ് ഹൈസ്കൂളിൽ ആയിരുന്നു റോബിൻസിന്റെ സ്കൂൾ വിദ്യാഭ്യാസം. പ്രീ ഡിഗ്രിയും ബി കോമും കുറവിലങ്ങാട് ദേവമാത കോളേജിലും എം കോം ഉഴവൂർ സെയിന്റ് സ്റ്റീഫൻസ് കോളേജിലും.

സ്കൂൾ വിദ്യാർത്ഥി ആയിരിക്കുന്ന കാലം മുതൽ സംഗീതം റോബിൻസിൽ വല്ലാത്ത സ്വാധീനം ചെലുത്തിയിരുന്നു. എന്നാൽ ഒരു സ്റ്റേജിൽ കയറാനോ നാലുപേർക്കു മുന്നിൽ നിന്നു പാടാനോ റോബിൻസിന് ആകുമായിരുന്നില്ല. ഒരു ആത്മവിശ്വാസമില്ലായ്മ റോബിൻസിന്റെ ആഗ്രഹങ്ങൾക്ക് എന്നും ഒരു വിലങ്ങു തടിയായി നിന്നു.

എന്നിരുന്നാലും ഇതിനെയൊക്കെ മറികടന്ന് എട്ടാം ക്ലാസിൽ പഠിക്കുമ്പോൾ അനീഷ് സുകുമാരൻ എന്ന സുഹൃത്തിനൊപ്പം സ്റ്റേജിൽ കയറി "അന്ത അറബി കടലോരം..." എന്ന പാട്ടുപാടിയ പഴയനെ ഇത്തിരി ഭയത്തോടെയാണ് റോബിൻസ് ഓർക്കുന്നത്. പിന്നീടൊക്കെ ലളിതഗാന മത്സരങ്ങൾക്ക് പേരുകൊടുക്കുകയും പേടിച്ച് മുങ്ങി നടക്കുകയും ചെയ്യുക റോബിൻസിന്റെ സ്ഥിരം കലാപരിപാടിയായി മാറി.

ബികോമിന് രണ്ടാം വർഷം പഠിക്കുമ്പോൾ സുഹൃത്തുക്കളുടെ നിർബന്ധത്തിനു വഴങ്ങി മത്സരത്തിന് പേര് നൽകി. എന്നാൽ എന്നത്തേയും പോലെ മുങ്ങി നടക്കാൻ സുഹൃത്തുക്കൾ റോബിൻസിനെ

അനുവദിച്ചില്ല. ആ സ്റ്റേജ് പരിപാടിയാണ് അയാളുടെ ഭയത്തെ ഇത്തിരിയെങ്കിലും ഇല്ലാതാക്കിയത്. അവിടന്നങ്ങോട്ട് പരിപാടികളിൽ പങ്കെടുക്കുക എന്നത് റോബിൻസിന്റെ സുഹൃത്തുക്കളുടെ നിർബന്ധവും ആഗ്രഹവുമായി മാറി. മെല്ലെ മെല്ലെ ഭയത്തിന്റെ പുറം തോടുകൾ പൊട്ടിച്ച് റോബിൻസ് സ്വതന്ത്രനായി തുടങ്ങി.

എംകോമിന് പഠിക്കുമ്പോഴേക്കും റോബിൻസ് ഇന്റർകൊളീജിയേറ്റ് മത്സരങ്ങളിലും മറ്റും മത്സരിച്ചു തുടങ്ങി.
പാട്ടിനോടാണ് ഏറെ ഇഷ്ടമെങ്കിലും റോബിൻസ് പലപ്പോഴും പങ്കെടുത്തിരുന്നത് നൃത്തപരിപാടികൾക്കും മറ്റും ആയിരുന്നു.

ഏതാണ്ട് അക്കാലത്ത് തന്നെ ശരീര സൗന്ദര്യത്തെ കുറിച്ചും റോബിൻസ് ഏറെ ബോധവാനായി തുടങ്ങിയിരുന്നു. 16 വയസ്സു മുതൽ വർക്ക് ഔട്ടുകളിലൂടെ തന്റെ ശരീരം ഭംഗിയുള്ളതാക്കാൻ റോബിൻസ് ഏറെ ശ്രദ്ധിച്ചിരുന്നു. തന്റെ കൂടപ്പിറപ്പായ ആത്മവിശ്വാസമില്ലായ്മയെ തൂത്തെറിയാൻ ചില വ്യക്തിത്വ വികസന ശില്പശാലകളിലും മറ്റും റോബിൻസ് ബോധപൂർവ്വം പങ്കെടുത്തു.

കോഴ്സുകൾ എല്ലാം പൂർത്തിയായതോടെ ഒരു ജോലി നേടണം എന്നതായി ആവശ്യം. അങ്ങനെ 2007ൽ ജോലി തേടി ബാംഗ്ലൂരിൽ എത്തി. ചെറിയ ചെറിയ ജോലികൾ ചെയ്തും നല്ല ജോലികൾക്കുള്ള അന്വേഷണം തുടർന്നുമുള്ള ആ കാലഘട്ടത്തെക്കുറിച്ച് പറയുമ്പോൾ റോബിൻസിന്റെ വാക്കുകൾ ഇടറി. കയ്യിലുള്ള ചെറിയ വരുമാനം കൊണ്ട് കഷ്ടപ്പെട്ട് ജീവിതം തള്ളി നീക്കിയ ദിനങ്ങൾ.

ഇങ്ങനെ ഇനിയും മുന്നോട്ടുപോകാൻ ആകില്ല എന്നു തോന്നിയ നിമിഷം തിരിച്ചു കേരളത്തിലേക്ക്. കൊല്ലത്തെ ഒരു പ്രശസ്തമായ ഇൻസ്റ്റിറ്റ്യൂട്ടിൽ ചേർന്ന് ബാങ്ക് പരിശീലനത്തിൽ മുഴുകി. 2010ൽ റോബിൻസ് യുണൈറ്റഡ് ബാങ്ക് ഓഫ് ഇന്ത്യയിൽ പ്രൊബേഷനറി ഓഫീസർ ആയി ചേർന്നു. ബാങ്കിന്റെ ഗോവ ശാഖയിൽ. 2012ൽ മാപ്പുസ ശാഖയിലേക്ക് മാനേജർ ആയി സ്ഥാനക്കയറ്റം. 2013ൽ നാട്ടിലേക്ക്. ബാങ്കിന്റെ പുതുതായി ആരംഭിക്കുന്ന തിരുവല്ല ശാഖയിലേക്ക്. അവിടെ നിന്നും കോയമ്പത്തൂർ സായിബാബ കോളനി ശാഖയിലേക്ക്. 2016ൽ വെളാചേരിയിലേക്കും 2017ൽ സേലത്തേക്കും. 2017ൽ തന്നെ അടുത്ത സ്ഥാനക്കയറ്റത്തോടെ ബാങ്കിന്റെ ഇടപ്പള്ളി ശാഖയിലേക്ക്.

2020ൽ ചീഫ് മാനേജർ ആയി പഞ്ചാബ് നാഷണൽ ബാങ്കിന്റെ രാജ്കോട്ട് മിഡ് കോർപ്പറേറ്റ് സെന്ററിൽ കൺകറന്റ് ഓഡിറ്റർ ആയി നിയമനം. 2023 ഏപ്രിൽ മുതൽ പി എൻ ബി യുടെ തിരുവനന്തപുരം സർക്കിൾ ഓഫീസിൽ.

ഇതിനിടെ 2014ൽ യുണൈറ്റഡ് ബാങ്ക് ആലുവ ശാഖയിൽ ഓഫീസർ ആയി

ജോലി ചെയ്തിരുന്ന അർച്ചന റോബിൻസിന്റെ ജീവിതസഖിയായി. അർച്ചന ഇപ്പോൾ പി എൻ ബി യുടെ തിരുവനന്തപുരം ലോൺ പോയിന്റിൽ ജോലി ചെയ്യുന്നു. കലാജീവിതത്തിലെ ഏറ്റവും വലിയ പ്രചോദനം അർച്ചനയാണെന്ന് റോബിൻസ്. എല്ലാ പരിപാടികളിലും താൻ പങ്കാളിയാകുന്നു എന്ന് ഉറപ്പ് വരുത്തുന്നത് അർച്ചനയാണ് എന്ന് പറയുമ്പോൾ റോബിൻസിന്റെ വാക്കുകളിൽ സ്നേഹാഭിമാനം. 2019ൽ ഒരു പിറന്നാൾ സമ്മാനമായി അർച്ചന നൽകിയത് ഒരു സംഗീതാദ്ധ്യാപകനെയാണ് പക്ഷേ പഠനം തുടരാൻ റോബിൻസിനായില്ല.

തന്റെയൊപ്പം കുടുംബവും വളരണം എന്നാഗ്രഹിക്കുന്ന ആളാണ് റോബിൻസ് എന്ന് സഹോദരൻ പ്രവീൺ. ജോലി കിട്ടിയപ്പോൾ പ്രവീൺ പഠനം കഴിഞ്ഞു നിൽക്കുന്ന സമയമായിരുന്നു. ബാങ്ക് കോച്ചിങ്ങിന് പോകാൻ ഉള്ള സഹായം നൽകിയിട്ട് റോബിൻസ് പറഞ്ഞത് ഒരു ജോലി നേടിയിട്ട് തിരികെ വന്നാൽ മതി എന്നാണ്. ഇത് പറഞ്ഞപ്പോൾ പ്രവീൺ വികാരധീനനായി. തന്റെ ജീവിതം ഇങ്ങനെ ആയതിൽ ആ സഹായവും ഉപദേശവും ചില്ലറയല്ല സ്വാധീനിച്ചത് എന്ന് പ്രവീൺ.

ടാലന്റഡ് ബാങ്കേഴ്സ് ഗ്രൂപ്പിൽ ചേർന്നതോടെ തന്റെ എല്ലാ കഴിവുകൾക്കും ഒരിടം കണ്ടെത്താനായ സന്തോഷത്തിലാണ് റോബിൻസ്. പാട്ടും ഡാൻസുമൊക്കെ നെഞ്ചോട് ചേർക്കാൻ ലഭിച്ച അവസരങ്ങളും അർച്ചനയുടെ പ്രോത്സാഹനങ്ങളും റോബിൻസിനെ ടി ബി സ്റ്റേജിലെ പ്രിയപ്പെട്ട താരമാക്കി. കോട്ടയം മീറ്റിൽ "ശരത്കാല സന്ധ്യാ... കുളിർ തൂകി നിന്നു..."എന്ന ഗാനം ആസ്വാദകരെ ഇളക്കിമറിച്ചു. ഒപ്പം പാടാൻ പേര് കൊടുത്തിട്ട് റോബിൻസ് അറിയാതെ മുങ്ങാൻ നിന്ന അരുൺ രാജിനെ തന്റെ ഒപ്പം വേദിയിൽ കയറ്റി "കോയി കഹേ...കെഹ്താ രഹേ..."എന്ന ഗാനം അടിച്ചു പൊളിയാക്കിതാണ് റോബിൻസിന്റെ മായാജാലം.

ആരോഗ്യവും സൗന്ദര്യവുമുള്ള ശരീരത്തെ ഏറെ ഇഷ്ടപ്പെടുന്ന റോബിൻസിന് കുറഞ്ഞത് ഒന്നര മണിക്കൂർ വർക്ഔട്ട് ഇല്ലാത്ത ഒരു ദിവസത്തെ കുറിച്ച് ചിന്തിക്കാനേ കഴിയുന്നില്ല.

തന്റെ സ്വപ്നവീഥികളിൽ ചിറക് വിരിച്ചു പറക്കാൻ റോബിൻസിന് കഴിയട്ടെ എന്ന് ടീബി കുടുംബം ഹൃദയപൂർവ്വം ആശംസിക്കുന്നു.

---------------------------------------------------------------------------------------------

തയ്യാറാക്കിയത് : അനിൽ ഉണ്ണിത്താൻ ( Anil Unnithan), സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ, കടപ്പാക്കട ശാഖ

English version: Arya Gayathry, State Bank of India, RBO Pathanamthitta

അവതരണം : സ്വപ്നരാജ് (Swapna Raj), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, RBO തിരുവല്ല

---------------------------------------------------------------------------------------------------

Many years ago, the village's Onam celebrations were around the corner. The little boy practised and perfected the notes to the famous song, "Sangamam… sangamam… Triveni sangamam…" Though he waited with bated breath for his turn to participate in the film song competition, when the moment arrived for him to get onto the stage, he discreetly left the area and ran homeward. By the time his name was announced, he was well hidden in a corner of a room, palms sweaty and heart racing like a drum, his mind a whirlwind of 'what if's' and 'what if nots', faintly hearing his name being called out… This little boy has turned out to be an outspoken personality who sets the stage ablaze with his powerful voice and electrifying dance moves, leaving the audience in awe! Let's get to know him in detail.

Robins A T
Punjab National Bank
Circle Office, Thiruvananthapuram

Native of Puthuveli, Kottayam, Robins is the eldest of the three children of the farmer-couple, Thankappan and Molly. His brother, Praveen A T is a manager at the Central Bank of India, and his sister, Preethimol works with DCB.

Robins completed his schooling from the Puthuveli Government High School, pursued his Pre degree and BCom graduation from the Kuruvilangad Devamatha College and MCom from Uzhavoor St. Stephen's College.

Music was his first love, from his young age music influenced him tremendously. But he lacked the confidence to sing out loud or before an audience. His insecurities pulled him back from many a stage performance, nipping his desires in the bud.

Still, he still remembers with apprehension the 8th grader Robins who, with his friend Aneesh Sukumaran, took a deep breath and got himself onto the stage to sing "Anda Arabi kadaloram…" Since then, it became his routine to give his name for light music competitions and bolt off from the area when he was required to perform.

During his BCom second year, as usual, persuaded by his friends, he gave name for participating in the competition-but to his dismay, his friends didn't let him escape. And that performance helped reduce his stage fear to an extent. Since then, his friends desired and encouraged him to perform at every chance possible. And it didn't take much time for him to free himself of the shackles of stage fear.

By the time he started his MCom studies, he started participating in Inter-Collegiate competitions. Though he loved music more, he performed mostly in dance events.

Around that time, like most teenage boys, he became more aware of his physical appearance. He started beautifying his body by the age of 16, working out to tone his muscles. He also deliberately took the efforts to attend various personality development courses, to permanently

get rid of his lack of self-confidence and to succeed in life.

Once all his courses got completed, his focus shifted to the urgent need for a job. With a few of his friends, he got on to the train to Bangalore, on a job hunt. As he described his days spent there, doing any job available anywhere, and searching frantically for a good job, his voice faltered, caught in a tangle of overwhelming emotion… the days he struggled with the meager salaries earned and the sleepless nights he pray for his days to get better.

The moment he realized he couldn't continue thus, he got back to his homeland. He joined a reputable institute at Kollam for bank coaching in 2009.In 2010, he got appointed as a probationary officer in the United Bank of India, and joined its Goa branch. In 2012, he was promoted and joined the Mapusa branch as the manager. And in 2013 he shifted to Kerala to join the newly opened Thiruvalla branch, from where he got transferred to Coimbatore Sai Baba Colony branch. In 2016, he moved to Velachery and in 2017 to Selam. He was again promoted in 2017 and joined the bank's Edapally branch.

In 2020, he joined the Rajkot mid corporate centre of Punjab National Bank as Chief Manager Concurrent Audit. From April 2023, he is at the PNB Circle Office, Thiruvananthapuram.

In 2014, he wed Archana, who was an officer in the United Bank Aluva branch. Archana is presently working at the PNB Loan Point, Thiruvananthapuram. Robins proudly says that Archana is his pillar of support in pursuing his passions. She is the one who makes sure he performs dance and music in every possible opportunity. Robins was pleasantly surprised when in 2019, he got a music teacher as a gift from her. But due to various reasons, he could not continue the lessons.

Robins is a man who lifts his family with him, says a tearful brother Praveen. When Robins joined the bank, Praveen had just completed his studies. Robins helped him join the bank coaching institute and sternly advised his brother to return only with a job - an emotional Praveen reveals . It was that help and that particular advice that guided Praveen to be what he is today.

Robins is completely delighted to find a space to showcase his talents when he joined the Talented Bankers group. The chance of an enchanting stage to sing and dance, and the never-ending motivation from Archana endured Robins's victory as the popular star of TB Meet at Kottayam. His solo song, "Sarathkaala sandhya… kulir thooki ninnu…" lit up the stage as the crowd erupted in cheers. His real magic was revealed before an expectant audience when he sang "Koi kahe… kehta rahe…" alongside Arun Raj ( who had agreed to sing along but got the jitters at the last moment, and had to be ushered onto the stage ).

Robins who loves a healthy and beautiful body, cannot imagine a day without a strenuous workout of minimum one and a half hours!!!

We take this opportunity to wish Robins and his family all success and happiness, and pray that all his dreams come true.